# വൈക്കം നഗരസഭ

## വസ്തു നികുതി പരിഷ്ക്കരണ അറിയിപ്പ്

ആർ1–3542/07 തീയതി – 18/02/2012

2011–ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും, സർ ചാർജും) ചട്ടങ്ങൾ പ്രകാരം പ്രസിദ്ധീകരിക്കുന്നത്

വൈക്കം നഗരസഭയിലെ വസ്തു നികുതി 1/4/2011 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി പരിഷ്ക്കരിക്കുന്നതിലേയ്ക്കായി മേൽ സൂചന ചട്ടങ്ങളിലെ ചട്ടം–2 പ്രകാരം അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചും, ചട്ടം 7 പ്രകാരം മുനിസിപ്പൽ പ്രദേശത്തെ മേഖലകളായി തരംതിരിച്ചും, വൈക്കം നഗരസഭാ കൗൺസിലിന്റെ 3/2/2012–ലെ 12(എ) നമ്പർ തീരുമാന പ്രകാരം വൈക്കം നഗരസഭയിലെ കെട്ടിടങ്ങൾ ഉപയോഗത്തിനനുസരിച്ച് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി അന്തിമമായി താഴെപ്പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു.

| കെട്ടിടത്തിന്റേയും ഉപവിഭാഗങ്ങളുടേയും വിവരണം | | നിരക്ക് ച: മീറ്ററിന് |
|---|---|---|
| 1. പാർപ്പിട ആവശ്യത്തിനുള്ളവ | – | 12/– രൂപ |
| 2. വാണിജ്യ ആവശ്യത്തിനുള്ളവ | – | |
| എ. ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗണുകൾ 100 ച.മീറ്റർ വരെ | – | 65/– രൂപ |
| ബി. ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗണുകൾ 100 ച. മീറ്ററിനു മുകളിൽ | – | 85/– രൂപ |
| സി. സൂപ്പർമാർക്കറ്റുകൾ ഷോപ്പിംഗ് മാളുകൾ 200 ച.മീറ്റർ വരെ | – | 70/– രൂപ |
| ഡി. സൂപ്പർമാർക്കറ്റുകൾ ഷോപ്പിംഗ് മാളുകൾ, 200 ച: മീറ്ററിനു മുകളിൽ | – | 140/– രൂപ |
| ഇ. ബങ്കുകൾ, പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്ററുകൾ ഫ്യൂവൽ സ്റ്റേഷൻ | – | 70/– രൂപ |

| | | |
|---|---|---|
| 3. ഓഫീസ് ഉപയോഗത്തിനുള്ള കെട്ടിടങ്ങൾ (വ്യവസായശാലകളോട് അനുബന്ധിച്ചുള്ള ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | – | 70/– രൂപ |
| 4. വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | – | 15/– രൂപ |
| 5. ആശുപത്രികൾ | – | 15/– രൂപ |
| 6. അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ ആഡിറ്റോറിയം, സിനിമതീയേറ്റർ, കല്യാണമണ്ഡപം, ലോഡ്ജ് | – | 50/– രൂപ |
| 7. വ്യവസായ ആവശ്യത്തിനുള്ളവ<br>എ. കൈത്തറി ഷെഡ്, കയർപിരിഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യസംസ്ക്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ്സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്,കൈത്തൊഴിൽ ഷെഡ്, ഇഷ്ടിക ചൂള തടിചൂള മുതലായവ | – | 30/– രൂപ |
| ബി. ഇതര വ്യവസായങ്ങൾ | – | 70/– രൂപ |
| 8. റിസോർട്ടുകൾ | – | 90/– രൂപ |
| 9. അമ്യൂസ്മെന്റ് പാർക്ക് | – | 90/– രൂപ |
| 10. മൊബൈൽ,ടെലഫോൺ ടവർ | – | 600/– രൂപ |

സെക്രട്ടറി
വൈക്കം നഗരസഭ